പതിമൂന്നാം കേരള നിയമസഭ
എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2824 14.2.2013 ലെ മറുപടിക്ക്

## പട്ടികജാതി ഗ്രാമങ്ങൾ

| ചോദ്യം | മറുപടി | |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ)അമ്പത് കുടുംബങ്ങൾ എങ്കിലും ഇല്ലാതെ പട്ടികജാതി ഗ്രാമങ്ങൾ രൂപീകരിക്കാനും അതു സംബന്ധിച്ച ആനുകൂല്യങ്ങൾ നൽകാനും കഴിയില്ല എന്ന നിലപാട് പുന:പരിശോധിക്കുമോ; പട്ടികജാതിക്കാർക്ക് വീട്, സ്ഥലം എന്നിവ നൽകുന്നതിനുള്ള പദ്ധതികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (എ) | പട്ടികജാതി ഗ്രാമങ്ങൾ രൂപീകരിക്കുന്ന പദ്ധതി പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാൽ നിലവിൽ അൻപതോ, അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തി സ്വയം പര്യാപ്ത പട്ടികജാതി കോളനിയാക്കുന്ന ഒരു പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു.<br>ഭൂമി ഇല്ലാത്ത പട്ടികജാതിക്കാർക്കായി പട്ടികജാതി വികസന വകുപ്പിന് കീഴിൽ "ഭൂരഹിതർക്ക് ഭൂമി" എന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ഗ്രാമ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 1.50 ലക്ഷം രൂപയും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 1.75 ലക്ഷം രൂപയും, 2 ലക്ഷം രൂപയും അനുവദിക്കുന്നു. വീടില്ലാത്ത പട്ടികജാതിക്കാർക്കായി "ഭവനരഹിത പുനരധിവാസ പദ്ധതി" എന്ന പേരിൽ ഭവന നിർമ്മാണത്തിനും ധനസഹായം വകുപ്പിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം 2 ലക്ഷം രൂപ ഭവന നിർമ്മാണഘട്ടം വിലയിരുത്തി ഗുണഭോക്താവിന് നൽകുന്നു.<br>ദുർബല വിഭാഗക്കാരുടെ പുനരധിവാസ പദ്ധതിപ്രകാരം സ്ഥലം വാങ്ങി വീട് |

| | | |
|---|---|---|
| | | വെയ്ക്കാൻ ധനസഹായം നൽകുന്ന പദ്ധതിയും വകുപ്പിന് കീഴിൽ നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം 5 സെന്റ് ഭൂമി വാങ്ങുന്നതിന് 2.50 ലക്ഷം രൂപയും, ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപയും ചേർത്ത് ആകെ 4.50 ലക്ഷം രൂപ ധനസഹായമായി നൽകുന്നു. |
| (ബി)അമ്പത് പട്ടികജാതി കുടുംബങ്ങളെ ഉൾപ്പെടുത്തി പട്ടികജാതി ഗ്രാമങ്ങൾ രൂപീകരിക്കുന്ന പദ്ധതിക്കുള്ള സാമ്പത്തിക സഹായം നൽകുന്നത് സംസ്ഥാനമോ,അതോ കേന്ദ്ര ഗവൺമെന്റാണോ; എന്ന് അറിയിക്കുമോ; കേരളത്തിലെ പല പ്രദേശങ്ങളിലും പട്ടികജാതിക്കാർക്ക് ഭൂമി ലഭിക്കുന്നതിനുള്ള സൗകര്യവും ഈ പദ്ധതിയുടെ നടത്തിപ്പിന് നിലവിലുള്ള സാഹചര്യങ്ങളും പരിഗണിച്ച് പദ്ധതി ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയ്ക്കായി സാമ്പത്തിക സഹായം ലഭ്യമാക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. ഓരോ ജില്ലയിലെയും ഏതു പ്രദേശത്തും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരമുള്ള ധനസഹായം വിനിയോഗിച്ച് ഗുണഭോക്താവിന് വസ്തുവാങ്ങുന്നതിന് നിലവിൽ നിയമതടസ്സങ്ങളില്ല. ആയതിനാൽ പദ്ധതി ക്രമീകരിക്കേണ്ട ആവശ്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ.